# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 1928** **4.10.2011 - ൽ മറുപടിക്ക്**

**പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളുടെ വായ്പാ കുടിശ്ശിക**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എളമരം കരീം | ശ്രീ.പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും<br>നഗരകാര്യവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളുടെ വായ്പാ കുടിശ്ശിക തീർക്കാനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ; | (എ) പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളുടെ വായ്പാ കുടിശ്ശിക തീർക്കാനുള്ള പദ്ധതി സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടില്ല. എന്നാൽ കേന്ദ്ര ഗവൺമെന്റിന്റെ 2011-12 ബഡ്ജറ്റിൽ കൈത്തറി സഹകരണ സംഘങ്ങളുടെ കുടിശ്ശിക തീർക്കാനായി 3000 കോടി രൂപയുടെ ഒരു പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ 20 ശതമാനം സംസ്ഥാന ഗവൺമെന്റ് വിഹിതവും 80 ശതമാനം കേന്ദ്രഗവൺമെന്റ് വിഹിതവുമാണ്. ഇതിനായി 5 കോടി രൂപ 2011-12 ബഡ്ജറ്റിൽ സംസ്ഥാന ഗവൺമെന്റ് വക കൊള്ളിച്ചിട്ടുണ്ട്. |
| (ബി) ഭീമമായ കുടിശ്ശിക കാരണം, പ്രവർത്തന മൂലധനം ലഭിക്കാതെ ഭൂരിപക്ഷം സംഘങ്ങളും പ്രവർത്തനരഹിതമാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി).ഉണ്ട്. |

(സി) കൈത്തറി സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ ഒരു സമഗ്ര പദ്ധതി ആവിഷ്കരിക്കുമോ?

(സി).ഈ സർക്കാർ കൈത്തറി മേഖലയുടെ സംരക്ഷണത്തിനും വളർച്ചയ്ക്കുമായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ പുതിയ വ്യവസായ നയത്തിൽ ഉൾപ്പെടുത്തുന്നതാണ്.

സെക്ഷൻ ഓഫീസർ